# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3767 – 21/06/2019 - ലെ മറുപടിക്ക്

### സാമ്പത്തികസ്ഥിതി സംബന്ധിച്ച ധവളപത്രം


ചോദ്യം

ശ്രീ. എം. ഉമ്മർ

ശ്രീ. കെ. എം. ഷാജി

ശ്രീ. സി. മമ്മൂട്ടി

ശ്രീ. അബ്ദുൽ ഹമീദ് പി.

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്

(ധനകാര്യവും കയറും വകുപ്പുമന്ത്രി)


| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | അഴിമതിയും കെടുകാര്യസ്ഥതയും സ്വജനപക്ഷപാതവും നികുതിഭരണത്തിലെ അനാസ്ഥയും മൂലം സാമ്പത്തികരംഗം അങ്ങേയറ്റം കുത്തഴിഞ്ഞ ഒരു ഘട്ടത്തിലാണ് ഈ സർക്കാർ അധികാരമേറ്റത്. അതോടൊപ്പം മുൻ സർക്കാർ കൈമാറിയ ശമ്പള / പെൻഷൻ പരിഷ്കരണ കുടിശ്ശിക, സാമൂഹ്യ സുരക്ഷ പെൻഷൻ കുടിശ്ശിക അടക്കമുള്ള ബാദ്ധ്യതകൾ ഏറ്റെടുത്ത് നൽകേണ്ട സാഹചര്യവുമായിരുന്നു. നികുതി പിരിവ് ഊർജ്ജിതവും കാര്യക്ഷമവുമാക്കിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നടത്തിയ ധനകാര്യ മാനേജ്മെന്റിന്റെ ഫലമായി സാമൂഹ്യ ക്ഷേമ വികസന ചെലവുകൾ ഒരു ഭംഗവും കൂടാതെ നടത്തുവാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അതേസമയം നോട്ട് നിരോധനമടക്കമുള്ള കേന്ദ്ര സർക്കാരിന്റെ വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും അപ്രതീക്ഷിതമായി സംസ്ഥാനത്തുണ്ടായ പ്രകൃതി ദുരന്തങ്ങളും പ്രതീക്ഷിച്ച സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിൽ നിന്നും സംസ്ഥാനത്തെ പിന്നോട്ടടിച്ചുവെന്നത് വസ്തുതയാണ്. |

| | | |
|---|---|---|
| (ബി) | കിഫ്ബിയിലൂടെയും മസാലബോണ്ടിലൂടെയും മറ്റ് നികുതി ഇതര വരുമാനത്തിലൂടെയും സാമ്പത്തികവളർച്ച കൈവരിക്കാൻ കഴിഞ്ഞതായി കരുതുന്നുണ്ടോ; വിശദമാക്കാമോ; | അടിസ്ഥാന സൗകര്യ വികസന മേഖലയിലെ സംസ്ഥാനത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും വികസനത്തിന് പ്രേരകങ്ങളാകുന്ന സ്വപ്ന പദ്ധതികൾ നടപ്പിലാക്കുന്നതിനും ആവശ്യമായ ധനം കണ്ടെത്തുന്നതിന് നിലവിലെ സാഹചര്യത്തിൽ ഒരു സംസ്ഥാനം എന്ന നിലയിൽ കേരളത്തിന് ധാരാളം പരിമിതികൾ ഉണ്ട്. കേന്ദ്ര സർക്കാരിന്റെ എഫ് ആർ. ബി. എം. ആക്ട് അനുസരിച്ചുള്ള നിയന്ത്രണങ്ങൾ ഇതിന് വിലങ്ങുതടിയാണ്. ബഡ്ജറ്റിനതീതമായി പണം കണ്ടെത്തുകയെന്നതാണ് ഇതിനുള്ള ഫലപ്രദമായ ഒരു പോംവഴി. ആ ദിശയിലേയ്ക്കുള്ള ചുവടുവയ്പാണ് കിഫ്ബി. അഞ്ചു വർഷം കൊണ്ട് 54,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി വഴി സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികൾ കേരളത്തിന്റെ പശ്ചാത്തല മേഖലയിലും തത്ഫലമായി സമ്പദ് വ്യവസ്ഥയിലും ഉണ്ടാക്കിയേക്കാവുന്ന ഉണർവ് വരും വർഷങ്ങളിൽ അനുഭവവേദ്യമാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. |
| (സി) | സാമ്പത്തിക വളർച്ച മുൻസർക്കാരിന്റെ കാലത്തേതിൽ നിന്നും ഉയർന്നതാണെങ്കിൽ നിലവിലെ സാമ്പത്തികസ്ഥിതി സംബന്ധിച്ച ധവളപത്രം പുറപ്പെടുവിക്കാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | സംസ്ഥാന സാമ്പത്തിക സ്ഥിതിയെക്കുറിച്ചൊരു ധവളപത്രം പുറപ്പെടുവിക്കേണ്ട സാഹചര്യം നിലവിൽ ഉള്ളതായി സർക്കാർ കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ